പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ :3485 — 23.06.2014 ൽ മറുപടിക്ക്

## കുട്ടികൾക്കെതിരെയുള്ള അതിക്രമം - വർഷംതോറുമുള്ളവർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>" വി.ശിവൻകുട്ടി<br>" കെ.വി.അബ്ദുൾഖാദർ<br>" ആർ.രാജേഷ് | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവുംവിജിലൻസുംവകുപ്പുമന്ത്രി |
| (എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്തെങ്ങും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കുട്ടികൾക്കെതിരെയുണ്ടായ കുറ്റകൃത്യങ്ങളുടെ എണ്ണവും ഓരോവർഷം പിന്നിടുമ്പോഴും കുറ്റകൃത്യങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനയുടെ ശതമാനവും പരിശോധനാവിഷയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾലഭ്യമാക്കാമോ; | (ബി) ഉണ്ട്.<br>18.05.2011 മുതൽ 31.12.2012 വരെ — 855<br>2012 — 1332<br>2013 — 1844<br>2014 ജൂൺ 15 വരെ — 981<br>2012 നെ അപേക്ഷിച്ച് 2013 ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) കുറ്റകൃത്യങ്ങളിൽ കൊലചെയ്യപ്പെട്ട കുട്ടികളുടെയും ബലാത്സംഗംചെയ്യപ്പെട്ടവരുടെയും എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) കുറ്റകൃത്യങ്ങളിൽ മരണപ്പെട്ട കുട്ടികളുടെ എണ്ണത്തിൽ 2011 വർഷത്തെ അപേക്ഷിച്ച് 2012 വർഷത്തിൽ കുറവുണ്ടായിട്ടുള്ളതും 2013 വർഷത്തിൽ വർദ്ധനവ് ഇല്ലായെന്നും കാണുന്നു. ബലാൽസംഗം ചെയ്യപ്പെട്ടവരുടെ എണ്ണത്തിൽ 2011, 2012, 2013 വർഷങ്ങളിൽ വർദ്ധനവ് ഉള്ളതായും കണക്കുകൾ സൂചിപ്പിക്കുന്നു. |
| (ഡി) കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ ഫലപ്രദമാക്കാൻ തയ്യാറാകുമോ? | (ഡി) റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെല്ലാം തന്നെ കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി പോലീസിന്റെയും റസിഡന്റ്സ് |

അസോസിയേഷനുകളുടെയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെയും ആഭിമുഖ്യത്തിൽ സ്കൂളുകളിലും മറ്റും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് സ്കൂൾ ജാഗ്രതാ സമിതികൾ രൂപീകരിച്ച് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടഞ്ഞുവരുന്നു.

സെക്ഷൻ ഓഫീസർ